## പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കൾ

43 (3749) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ.-കളിൽ പുതിയ കെട്ടിടമുണ്ടായിട്ടും നാളിതുവരെ പുതിയ ട്രേഡ് ആരംഭിക്കാത്ത ഐ.ടി.ഐ.-കൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ പുതിയ കെട്ടിടമുള്ള ഐ.ടി.ഐ.-കളായ ആറ്റിപ്ര, വെട്ടിക്കവല, ഓച്ചിറ, പാതായ്ക്കര, കേരളാധീശ്വരപുരം, പാണ്ടിക്കാട്, ചെറുവത്തൂർ, എടത്തിരുത്തി എന്നീ ഐ.ടി.ഐ.-കളിൽ നാളിതുവരെ പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത ഐ.ടി.ഐ.-കളിലെല്ലാം പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇത്തരത്തിലുള്ള എത്ര ഐ.ടി.ഐ.കളിൽ പുതിയ ട്രേഡ് ആരംഭിക്കുവാൻ കഴിഞ്ഞുവെന്നും ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ എത്ര ഐ.ടി.ഐ.-കളിൽ പോസ്റ്റ് ക്രിയേഷൻ അനുവദിച്ചു നൽകിയിട്ടുണ്ടെന്നും ഐ.ടി.ഐ.-കളുടെ പേര് സഹിതം വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത ഐ.ടി.ഐ.-കളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ 5 വർഷത്തിനിടയിൽ 6 ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മര്യാപുരം, വർക്കല, പത്തനംതിട്ട ജില്ലയിലെ പന്തളം, തൃശ്ശൂർ ജില്ലയിലെ വി.ആർ.പുരം, പാലക്കാട് ജില്ലയിലെ മംഗലം, കോഴിക്കോട് ജില്ലയിലെ ഏലത്തൂർ എന്നീ 6 ഐ.ടി.ഐ.കളിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ പുതിയ ട്രേഡുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത ഐ.ടി.ഐ.കളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ 48 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ടൂൾസ് ആൻഡ് എക്യുപ്മെന്റ് വാങ്ങാൻ എത്ര രൂപ സർക്കാർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചുനൽകിയിട്ടുണ്ട്; അനുവദിച്ച തുകയിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വകുപ്പിന്റെ എത്ര ഐ.ടി.ഐ.-കളിൽ പുതുക്കിയ സിലബസ് പ്രകാരമുള്ള ടൂൾസ് ആൻഡ് എക്യുപ്മെന്റ് നൂറ് ശതമാനവും ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ടൂൾസ് ആൻഡ് എക്യുപ്മെന്റ്സ് വാങ്ങാൻ സർക്കാർ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു*. 100% ടൂൾസ് ആൻഡ് എക്യുപ്മെന്റ്സ് സംഭരിക്കപ്പെട്ടിട്ടുള്ള ഐ.ടി.ഐ.-കൾ വകുപ്പിനുകീഴിൽ നിലവിലില്ല. പരിശീലനാർത്ഥികൾ പ്രായോഗിക പരീക്ഷയ്ക്കും പരിശീലനത്തിനും ടൂൾസ് നിരന്തരം ഉപയോഗിക്കുന്ന സാഹചര്യത്തിൽ 100% ലഭ്യത എന്നത് പ്രായോഗികമല്ല. എന്നാൽ വകുപ്പിന്റെ ഐ.ടി.ഐ.കളിൽ പുതുക്കിയ സിലബസ് പ്രകാരമുള്ള ടൂൾസ് ആൻഡ് എക്യുപ്മെന്റ് സംഭരിക്കുന്നതിന് ബന്ധപ്പെട്ട മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർ ലഭ്യമാക്കിയ ശിപാർശകൾ പരിശോധിച്ചുവരുന്നു.

## വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ

44 (3750) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട എസ്.സി./എസ്.ടി. ഫെഡറേഷൻ കോമ്പൗണ്ടിൽ നിർമ്മാണം ആരംഭിച്ച വർക്കിംഗ് വിമെൻസ് ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

പ്രവർത്തനം ആരംഭിച്ചിട്ടില്ല. കെട്ടിടത്തിന്റെ ഇന്റീരിയർ വർക്കുകൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഹോസ്റ്റൽ നടത്തിപ്പിന്റെ കരട് ചട്ടങ്ങൾ ഫെഡറേഷൻ തയ്യാറാക്കി പട്ടികജാതി വികസന വകുപ്പിന് നൽകിയിട്ടുള്ളത് അംഗീകരിക്കുന്നത് സംബന്ധിച്ച നടപടി പുരോഗമിച്ചുവരികയാണ്. ഇവ പൂർത്തീകരിച്ച് ഔദ്യോഗികമായി ഫെഡറേഷന് കെട്ടിടം കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഹോസ്റ്റൽ പ്രവേശനം ആരംഭിക്കാൻ കഴിയും.

(ബി) വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പ്രവേശനത്തിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ സർക്കാർ ജീവനക്കാർ, വിദ്യാർത്ഥിനികൾ എന്നിവർക്കാണ് പ്രവേശനം നൽകുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly